## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

26.03.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5397

## തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ തീരദേശമേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും, എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതികൾക്ക് പുറമെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന മത്സ്യമാർക്കറ്റ് ആധുനികവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 39 മത്സ്യമാർക്കറ്റുകളിൽ 37 മത്സ്യമാർക്കറ്റുകൾക്ക് 90% ധനസഹായം ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ മറ്റ് രണ്ട് മാർക്കറ്റുകൾക്ക് 50% കേന്ദ്ര ധനസഹായത്തോടെ അംഗീകാരം ലഭിച്ചു.<br>ഇതിനുപുറമെ ഗുണമേന്മയുള്ള മത്സ്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങളും, ഓട്ടോറിക്ഷകളും, ഇൻസുലേറ്റഡ് ട്രക്കുകളും "ഫ്രഷ് ഫിഷ് ടു ആൾ പദ്ധതി", ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി "സേഫ്റ്റി അറ്റ് സീ" പദ്ധതി, കട്ടമരം യന്ത്രവൽക്കരിക്കുന്നതിന് സബ്സിഡി നൽകുന്ന "മോട്ടോറൈസേഷൻ ഓഫ് കട്ടമരം" എന്നീ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്; | (സി) | ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് - RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവ മുഖേന മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ തീരദേശ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവ നടപ്പിലാക്കി വരുന്നു. ക്യാപിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ, ഓപ്പറേഷൻ, മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകങ്ങളിലുൾപ്പെടുത്തി ഹാർബറുകളുടെ ഡ്രഡ്ജിംഗും മെയിന്റനൻസ് പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.<br><br>അർത്തുങ്കൽ, ചേറ്റുവ, താനൂർ, കൊയിലാണ്ടി, വെള്ളയിൽ, തലായ്, ചെറുവത്തൂർ, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെയും മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെയും നിർമ്മാണവും വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രഡ്ജിംഗുമാണ് കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ.<br><br>ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ലഭ്യമായ ഭരണാനുമതി തുകയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്ത് 200 മീറ്ററിൽ പുതിയ ബർത്തിംഗ് ജെട്ടി നിർമ്മിക്കുന്നതിനുള്ള 11 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>എൻ.എഫ്.ഡി.ബി.യുടെ സാമ്പത്തിക സഹായത്തോടെ പുതിയാപ്പ, കായംകുളം, തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര, ചോമ്പാൽ, മുനമ്പം, ബേപ്പൂർ, തോട്ടപ്പള്ളി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നവീകരണ പ്രവൃത്തികൾ ലഭ്യമായ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>നിർമ്മാണം പൂർത്തീകരിച്ച ഹാർബറുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് എന്ന ശീർഷകത്തിലുൾപ്പെടുത്തിയും ഡ്രഡ്ജിംഗ്, ക്യാപ്പിറ്റൽ റിപ്പയർ എന്നീ പ്രവൃത്തികൾ ക്യാപ്പിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് എന്ന ശീർഷകത്തിലും ഉൾപ്പെടുത്തി ചെയ്തുവരുന്നു.<br><br>നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തീരദേശമേഖലയിലെ റോഡുകൾ, പാലങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ